**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787** **19-01-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കിയ കാര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി .കെ .ശശീന്ദ്രൻ | | Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ; | (എ) | 1. കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി/ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി നടപ്പാക്കുന്നത് മണ്ഡലാടിസ്ഥാനത്തിലല്ല. എന്നിരുന്നാലും കൽപ്പറ്റ ബ്ലോക്കിൽ ഈ സർക്കാരിന്റെ കാലത്ത് 357.20 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ സ്കൂൾ ക്ലാസ് കെട്ടിട നിർമ്മാണവും, ടോയ്ലറ്റ് ബ്ലോക്കുകളും ഉൾപ്പെടുന്നു. 2. ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി 2013-14 കാലയളവു മുതൽ ആരംഭിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഈ സർക്കാരിന്റെ കാലത്ത് 123 വീടുകൾക്കായി 3,70,75,000/- രൂപ കൽപ്പ മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 33 വീടുകൾക്ക് 14,00,000/- രൂപ കൽപ്പറ്റ മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2. 3. 2018-19 മുതൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രീമാരിറ്റൽ കൗൺസിലിംങ് പദ്ധതിയിൽ വയനാട് ജില്ലയിൽ 5,11,800/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ കൽപ്പറ്റ മണ്ഡലവും ഉൾപ്പെടുന്നു. 4. 2013–14 മുതൽ സ്കോളർഷിപ്പുകളും കരിയർ ഗൈഡൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ സർക്കാരിന്റെ കാലത്ത് പുതിയതായി പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ് എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇവയൊന്നും മണ്ഡലാടിസ്ഥാനത്തിലല്ല നൽകി വരുന്നത്. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല എന്നാൽ ഇവയുടെ പ്രയോജനം ടി മണ്ഡലത്തിലുള്ളവർക്കും ലഭിക്കുന്നുണ്ട്. 5. 2011 സാമ്പത്തിക വർഷം മുതൽ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള |

| | | | |
|---|---|---|---|
| | | | പരിശീലന കേന്ദ്രം പ്രവർത്തിച്ച വരുന്നുണ്ട്. ഇവയുടെ പ്രയോജനം ടി മണ്ഡലത്തിലുള്ളവർക്കും ലഭിക്കുന്നുണ്ട്. 3. 6. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ മൈനോറിറ്റി വിഭാഗത്തിൽപ്പെട്ട കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് വരുമാന ശ്രോതസ്സ് വർദ്ധിപ്പിക്കുന്നതിലേക്കും വിദ്യാഭ്യാസ പുരോഗതിക്കും വേണ്ടി സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഉദ്യോഗസ്ഥ വായ്പ, ഭവന വായ്പ, മദ്രസാദ്ധ്യാപകർക്കുള്ള പലിശ രഹിത ഭവന വായ്പ തുടങ്ങിയ പദ്ധതികളിലൂടെ സാമ്പത്തിക സഹായം നൽകി വരുന്നു. കൽപ്പറ്റ മണ്ഡലത്തിൽ സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഉദ്യോഗസ്ഥ വായ്പ, ഭവന വായ്പ, മദ്രസാദ്ധ്യാപക ഭവന വായ്പ, ബിസിനസ്സ് ഡവലപ്മെന്റ് വായ്പ എന്നീ ഇനങ്ങളിലായി KSMDFC വഴി മൊത്തം 95,27,000/- രൂപ ധന സഹായമായി നൽകിയിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിൽ വകുപ്പിന് കീഴിൽ എത്ര രൂപയുടെ ധനസഹായ ആനുകൂല്യങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ? | (ബി) | 1. കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി/ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി നടപ്പാക്കുന്നത് മണ്ഡലാടിസ്ഥാനത്തിലല്ല. എന്നിരുന്നാലും കൽപ്പറ്റ ബ്ലോക്കിൽ ഈ സർക്കാരിന്റെ കാലത്ത് 357.20 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ സ്കൂൾ ക്ലാസ് കെട്ടിട നിർമ്മാണവും, ടോയ്ലറ്റ് ബ്ലോക്കുകളും ഉൾപ്പെടുന്നു. 2. ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി 2013-14 കാലയളവു മുതൽ ആരംഭിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഈ സർക്കാരിന്റെ കാലത്ത് 123 വീടുകൾക്കായി 3,70,75,000/- രൂപ കൽപ്പ മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 33 വീടുകൾക്ക് 14,00,000/- രൂപ കൽപ്പറ്റ മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2. 3. 2018-19 മുതൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രീമാരിറ്റൽ കൗൺസിലിംങ് പദ്ധതിയിൽ വയനാട് ജില്ലയിൽ 5,11,800/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ കൽപ്പറ്റ മണ്ഡലവും ഉൾപ്പെടുന്നു. 4. 2013–14 മുതൽ സ്കോളർഷിപ്പുകളും കരിയർ ഗൈഡൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ സർക്കാരിന്റെ കാലത്ത് പുതിയതായി പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ് എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇവയൊന്നും മണ്ഡലാടിസ്ഥാനത്തിലല്ല നൽകി വരുന്നത്. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല എന്നാൽ ഇവയുടെ പ്രയോജനം |

| | | | |
|---|---|---|---|
| | | | ടി മണ്ഡലത്തിലുള്ളവർക്കും ലഭിക്കുന്നുണ്ട്. 5. 2011 സാമ്പത്തിക വർഷം മുതൽ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയുടെ പ്രയോജനം ടി മണ്ഡലത്തിലുള്ളവർക്കും ലഭിക്കുന്നുണ്ട്. 3. 6. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ മൈനോറിറ്റി വിഭാഗത്തിൽപ്പെട്ട കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് വരുമാന സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിലേക്കും വിദ്യാഭ്യാസ പുരോഗതിക്കും വേണ്ടി സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഉദ്യോഗസ്ഥ വായ്പ, ഭവന വായ്പ, മദ്രസാദ്ധ്യാപകർക്കുള്ള പലിശ രഹിത ഭവന വായ്പ തുടങ്ങിയ പദ്ധതികളിലൂടെ സാമ്പത്തിക സഹായം നൽകി വരുന്നു. കൽപ്പറ്റ മണ്ഡലത്തിൽ സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഉദ്യോഗസ്ഥ വായ്പ, ഭവന വായ്പ, മദ്രസാദ്ധ്യാപക ഭവന വായ്പ, ബിസിനസ്സ് ഡവലപ്മെന്റ് വായ്പ എന്നീ ഇനങ്ങളിലായി KSMDFC വഴി മൊത്തം 95,27,000/- രൂപ ധന സഹായമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ